# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2326

09.12.2014 ൽ മറുപടിയ്ക്ക്

## റിസർവ് ബാങ്കിന്റെ ഭേദഗതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി. ദേവസ്സി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) റിസർവ് ബാങ്ക് പുതുതായി ഇറക്കിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ദോഷകരമായി ബാധിക്കുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്കിന്റെ സർക്കലർ പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ SLR നിക്ഷേപം 2015 മാർച്ച് 31 ന് മുമ്പ് 5% വും, 2016 മാർച്ച് 31 ന് മുമ്പ് 10% വും ബാക്കിയുള്ള തുക 2017 മാർച്ച് 31 ന് മുമ്പും ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ SLR നിക്ഷേപ നിരക്ക് 25% ൽ നിന്ന് 22.5% ആയി കുറച്ചത് വഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച് SLR നിക്ഷേപം ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ പലിശ നഷ്ടം സംഭവിക്കാനുള്ള സാധ്യതയുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ നിക്ഷേപം ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടി വരികയും ആയതിനായി സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനിടയുണ്ട്. ഗവണ്മെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപത്തിന് മറ്റ് രീതിയിലുള്ള SLR നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ ആയത് വഴി ജില്ലാ സഹകരണ ബാങ്കുകൾക്ക് നഷ്ടം സംഭവിക്കാൻ ഇടയുണ്ട്. |

| | |
|---|---|
| (ബി) ഇതുമൂലം സഹകാരികൾക്കും, സഹകരണ ബാങ്കുകൾക്കും ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സഹകരണ ബാങ്കുകളെ ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്റ്റ് ഭേദഗതികൾ റദ്ദാക്കുന്നതിനാവശ്യമായ അടിയന്തിര ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ? | (ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ